**യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.**
**തീയതി : 27-09-2025**

# UCTVM/453/2025-A5(i)

## ക്വട്ടേഷൻ നോട്ടീസ് - I

**2025-26** പ്ലാൻ ഫണ്ടിനത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കായിക വിഭാഗത്തിലേക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള സ്പെസിഫിക്കേഷനോടുകൂടിയ **സ്പോർട്സ് ജേഴ്സി** വിതരണം ചെയ്യുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള ഓരോ ഇനത്തിൻറെയും ഒരെണ്ണത്തിൻറെ വിലയും ലിസ്റ്റിൽ കൊടുത്തിട്ടുള്ള എണ്ണത്തിൻറെ മൊത്തവിലയും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

**മുഖവില : ₹99,900/- (തൊണ്ണൂറ്റിയൊൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം).**

**ക്വട്ടേഷനുകൾ "പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം" എന്ന വിലാസത്തിൽ 09.10.2025 വ്യാഴാഴ്ച ഉച്ചക്ക് 2.00 മണിക്കകം ലഭിക്കത്തക്ക വിധത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് മുകളിൽ "ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലേക്ക് സ്പോർട്സ് ജേഴ്സി വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ (പ്ലാൻ ഫണ്ട് 2025-26)" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 3.00 മണിക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.**

ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ തന്നെ തള്ളിക്കളയുന്നതിനുമുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

വിതരണ ഉത്തരവ് ലഭിച്ച ശേഷം സാധനങ്ങൾ (സ്പോർട്സ് ജേഴ്സി) നിയമാനുസൃതം നൽകാതിരുന്നാൽ , തൊട്ടടുത്ത എറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആൾക്ക് വിതരണ ഉത്തരവ് നൽകുന്നതിനും ഇത്തരത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ (സാധനം വിതരണം ചെയ്യാത്ത) ആളിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| **Due Date and Time for Receipt of Quotations** | **09.10.2025 at 2 pm** |
| **Date & Time for Opening of Quotations** | **09.10.2025 at 3 pm** |

**Santhosh Kumar K R**
**പ്രിൻസിപ്പാൾ**

പകർപ്പ്: -

1) നോട്ടീസ് ബോർഡ്.
2) കോളേജ് വെബ്സൈറ്റ്.
3) കരുതൽ ഫയൽ.

Signed by
Santhosh Kumar. K. R
Date: 27-09-2025 14:35:40